# വൻചീട്ടുകളി സംഘത്തെ പിടികൂടി

നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലെ ദേശം സ്വർഗ്ഗം റോഡിലുള്ള പെരുയാർ ക്ലബ്ബിൽ നിന്നും വൻചീട്ടുകളി സംഘത്തെ **18 ലക്ഷം** രൂപയോളം സഹിതം, എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ സ്പെഷ്യൽ സ്ക്വാഡും നെടുമ്പാശ്ശേരി പോലീസും ചേർന്ന് പിടികൂടി. .

എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐപിഎസ് -ന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് പണം വച്ച് ചീട്ടുകളിക്കുകയായിരുന്ന 20 പേരെ പിടികൂടിയത്. ഇവരിൽ നിന്നും ചൂതുകളിക്കുന്നതിനായി ഉപയോഗിച്ച **18,06,280/- രൂപയും** ചീട്ടുകളും ബന്തവസിലെടുത്തു.

വൈക്കം സ്വദേശി പ്രഭാകരൻ, തൃശ്ശൂർ കാട്ടൂർ സ്വദേശി യൂസഫ്, കാലടി സ്വദേശി ബിജു വർഗീസ്, നെടുമ്പാശ്ശേരി സ്വദേശികളായ സോജു ഏലിയാസ്, അൻവർ, കൊടുങ്ങല്ലൂർ സ്വദേശി അബ്ദുൾ നാസർ, കോടനാട് സ്വദേശി മനോജ്, തോട്ടക്കാട്ടുകര സ്വദേശി സക്കീർ, തായ്ക്കാട്ടുകര സ്വദേശികളായ സലീം, ഹാഷിം സുലൈമാൻ, നായത്തോട് സ്വദേശി മുഹമ്മദാലി, ആലുവ വെസ്റ്റ് സ്വദേശികളായ ഷെമീർ, സുനിൽ, സൗത്ത് കളമശ്ശേരി സ്വദേശി അബ്ദുൾ അസീസ്, കടുങ്ങല്ലൂർ സ്വദേശി വർഗീസ്, ആലുവ തുരുത്ത് സ്വദേശി അബ്ദുൾ റഷീദ്, ഇടപ്പള്ളി സ്വദേശി അക്ബർ, ഒല്ലൂർ സ്വദേശികളായ ഷാജു, ജോൺസൺ, പാടിവട്ടം സ്വദേശി മാത്യൂസ് കുഞ്ഞുമോൻ, എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.

ഇടുക്കി ഉടുമ്പൻചോല സ്വദേശി ടോമി വർഗീസ് എന്നയാൾ കെയർടേക്കർ ആയി നടത്തിവന്നിരുന്ന ക്ലബ്ബിൽ ആണ് വൻ ചീട്ടുകളി നടത്തിവന്നിരുന്നത്. ടോമിയേയും പ്രതിയാക്കി അറസ്റ്റ് ചെയ്തിട്ടുണ്ട്.

നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ KG ACT പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. ജില്ലാ പോലീസ് മേധാവിയുടെ സ്പെഷ്യൽ സ്ക്വാഡിലെ എസ്ഐ നോബിൾ, ASI ജോയ്, സജീവ് ചന്ദ്രൻ, പോലീസുകാരായ ശ്യാംകുമാർ, മുഹമ്മദ്, മനോജ്, ജാബിർ, പ്രശാന്ത്, പ്രശാന്ത് എം.ആർ, നിഖിലേഷ്, രഞ്ജിത്, സലീഷ്, ശ്യാംലാൽ, രൂപേഷ്, അഖിൽ, നെടുമ്പാശ്ശേരി എസ്.ഐ സോണി മത്തായി, എഎസ്ഐ ബഷീർ, പോലീസുകാരായ ബാലചന്ദ്രൻ, സുധീർ, വനിത പോലീസ് നീതു, എന്നിവർ ഉൾപ്പെട്ട സംഘമാണ് ചീട്ടുകളിസംഘത്തെ പിടികൂടിയത്.